**18-ാം മാസം**

# വളർച്ചയിലെ നാഴികക്കല്ലുകൾ

## കുഞ്ഞുങ്ങളുടെ ഈ പ്രായത്തിലെ സാധാരണയായുള്ള പെരുമാറ്റ രീതി

(തിരിച്ചറിയുന്നവയ്ക്കു നേരെ മാതാപിതാക്കൾ ✓ രേഖപ്പെടുത്തുക)





☐ നിൽക്കുകയും സ്വയം കുറെ ചുവടുകൾ നടക്കുകയും ചെയ്യുന്നു.

☐ കൈ വീശുക കൈ അടിക്കുക തുടങ്ങിയ പരിചിതമായ വിവിധ ആംഗ്യങ്ങൾ പ്രകടിപ്പിക്കുന്നു.





☐ മുത്തുകൾ / ചെറിയസാധനങ്ങൾ എന്നിവ ഒരു പെട്ടിയിലോ പാത്രത്തിലോ ഇടുന്നു



☐ സാധാരണ വസ്തുക്കളെയും പുസ്തകങ്ങളിലുള്ള അവയുടെ ചിത്രങ്ങളെയും തിരിച്ചറിയുകയും പേരു വിളിക്കുകയും ചെയ്യുന്നു.

ആരോഗ്യ പ്രവർത്തകർ/ ആശ/ അംഗൻവാടി പ്രവർത്തകർ കുഞ്ഞിനെ പരിശോധിച്ച് പ്രായത്തിനനുസരിച്ചുള്ള പ്രവർത്തികൾക്കുനേരെ ☑ ☒ രേഖപ്പെടുത്തുന്നു

## കുഞ്ഞിനെ വളർത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ



നടന്നു പഠിക്കാൻ സഹായിക്കാൻ തക്കവിധം തള്ളിക്കൊണ്ട് പോകാവുന്ന കളിപ്പാട്ടങ്ങൾ നൽകുക.



കുട്ടിക്ക് പഴങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ നൽകുക. അവയുടെ പേരുകൾ ചോദിക്കുകയും, ഒരു പാത്രത്തിലേക്ക്/ പെട്ടിയിലേക്ക്/ കൂടയിലേക്ക് അവ ഇടാനും, തിരിച്ച് എടുക്കാനും പറയുക.



കുട്ടിയോട് ലളിതമായ ചോദ്യങ്ങൾ ചോദിക്കുക, അവരെ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.

**ശിശുവിനെ മാറോടണച്ചു പരിപാലിക്കുന്ന അമ്മയോട് കുഞ്ഞിനുള്ള ആത്മബന്ധം ഊട്ടിയുറപ്പിക്കും.**

**18-ാം മാസം**

## "അപകട" സൂചനകൾ

താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്ന് കുഞ്ഞുങ്ങളിൽ കാണുന്നുവെങ്കിൽ ഉടൻ ഡോക്ടറെയോ ആരോഗ്യ പ്രവർത്തകരെയോ അംഗൻവാടി പ്രവർത്തകരെയോ അറിയിക്കുക



സഹായം ഇല്ലാതെ സ്വയം നിൽക്കാൻ കഴിയുന്നില്ല.



ചെറിയ വസ്തുക്കൾ പാത്രത്തിലോ പെട്ടിയിലോ ഇടാൻ കഴിയുന്നില്ല.



പേരു വിളിക്കുന്ന വസ്തുവിലേക്ക് കൈചൂണ്ടുന്നില്ല.

"

അമ്മ
അച്ഛൻ

എന്നീ ഒറ്റ വാക്കുകൾ പറയുന്നില്ല.



കുട്ടി വിവിധ പ്രവർത്തികൾക്ക് രണ്ട് കൈകൾ ഉപയോഗിക്കുന്നില്ല. എപ്പോഴും ഏതെങ്കിലും ഒരു കൈമാത്രം ഉപയോഗിക്കാനാണ് താല്പര്യം.



അമ്മയുടെ ആഗ്യങ്ങൾക്ക് അനുസരിച്ച് പ്രതികരിക്കുന്നില്ല. കുഞ്ഞ് അവന്റെ / അവളുടെ മാത്രമായ ലോകത്ത് മാത്രമാണെന്ന പ്രതീതി ഉണ്ടാക്കുന്നു.

**കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പുകൾ പൂർണ്ണമാകുന്നത് 16-ാം വയസ്സിൽ മാത്രമാണ്**

**24-ാം മാസം**

## വളർച്ചയിലെ നാഴികക്കല്ലുകൾ

### കുഞ്ഞുങ്ങളുടെ ഈ പ്രായത്തിലെ സാധാരണയായുള്ള പെരുമാറ്റ രീതി

(തിരിച്ചറിയുന്നവയ്ക്കു നേരെ മാതാപിതാക്കൾ ✓ രേഖപ്പെടുത്തുക)



കളിപ്പാട്ടം വലിച്ച് കൊണ്ട് പോകുമ്പോൾപോലും നിവർന്നു നടക്കാൻ കഴിയുന്നു.

വീട്ടുജോലികൾ അനുകരിക്കുന്നു.





ശരീരത്തിൽ ചൂണ്ടിക്കാട്ടിയോ പുസ്കങ്ങളിലെ ശരീരചിത്രീകരണം നോക്കിയോ ഒന്നോ അതിൽ കൂടുതലോ ശരീര അവയവങ്ങൾ കൃത്യമായി പറയുന്നു.

ആരോഗ്യ പ്രവർത്തകർ/ ആശ/ അംഗൻവാടി പ്രവർത്തകർ കുഞ്ഞിനെ പരിശോധിച്ച് പ്രായത്തിനനുസരിച്ചുള്ള പ്രവർത്തികൾക്കുനേരെ ☑ ☒ രേഖപ്പെടുത്തുന്നു

## കുഞ്ഞിനെ വളർത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ





നിങ്ങളെ അനുകരിക്കാനും സ്വന്തം കഴിവുകളിൽ സാമർത്ഥ്യം നേടാനും കുട്ടിയെ അനുവദിക്കുക. അവർ കുഴപ്പം കാണിക്കുന്നു വെങ്കിൽ ക്ഷമയോടെ പെരുമാറുക.

സുരക്ഷിതമായ സ്ഥലങ്ങളിൽ നടക്കാനും ഓടാനും പടികൾ ചവിട്ടി കയറാനും കുട്ടിക്ക് അവസരം ഒരുക്കുക.



കൃത്യസമയത്ത് ഉണരുക, ഉറങ്ങുക തുടങ്ങി കൃത്യനിഷ്ടത പാലിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക.

**24-ാം മാസം**

## "അപകട" സൂചനകൾ

താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്ന് കുഞ്ഞുങ്ങളിൽ കാണുന്നുവെങ്കിൽ ഉടൻ ഡോക്ടറെയോ ആരോഗ്യ പ്രവർത്തകരെയോ അംഗൻവാടി പ്രവർത്തകരെയോ അറിയിക്കുക



കളിപ്പാട്ടങ്ങൾ വലിച്ച് കൊണ്ട് പോകുമ്പോൾ നേരെ നടക്കാൻ കഴിയാതിരിക്കുക.



കുത്തിവരക്കാൻ കഴിയുന്നില്ല.

"പാലു വേണം"

രണ്ട് പദങ്ങളുള്ള ഒരു വാചകം പറയാൻ കഴിയുന്നില്ല. ഉദാഹരണം പാലു വേണം.



റ്റാറ്റ ബൈ ബൈ തുടങ്ങിയ ആഗ്യങ്ങൾക്ക് അനുസ്യതമായി പ്രതികരിക്കുന്നില്ല.

ശരീരാവയവങ്ങളെ ചൂണ്ടിക്കാട്ടാൻ കഴിയുന്നില്ല.



ലളിതമായ നിർദ്ദേശങ്ങൾ മനസ്സിലാക്കാനും അനുസരിക്കാനും കഴിയുന്നില്ല.



**3**
**വയസ്സ്**

# വളർച്ചയിലെ നാഴികക്കല്ലുകൾ

## കുഞ്ഞുങ്ങളുടെ ഈ പ്രായത്തിലെ സാധാരണയായുള്ള പെരുമാറ്റ രീതി

(തിരിച്ചറിയുന്നവയ്ക്കു നേരെ മാതാപിതാക്കൾ ✓ രേഖപ്പെടുത്തുക)



☐ താഴെ വീഴാതെ ഒരു കപ്പിൽ നിന്നും കുടിക്കുന്നു.

☐ ഏറ്റവും പരിചിതമായ വസ്തുക്കളുടെ പേരുകൾ പറയുക. നിറങ്ങളും രൂപങ്ങളും തിരിച്ചറിയുക.

☐ മൂന്നോ അതിലധികമോ പദങ്ങൾ കൂട്ടിച്ചേർത്ത് ഒരു വാചകം പറയുന്നു.



☐ പടി കയറുകയും ഇറങ്ങുകയും ചെയ്യുന്നു.

ആരോഗ്യ പ്രവർത്തകർ/ ആശ/ അംഗൻവാടി പ്രവർത്തകർ കുഞ്ഞിനെ പരിശോധിച്ച് പ്രായത്തിനനുസരിച്ചുള്ള പ്രവർത്തികൾക്കുനേരെ ☑ ☒ രേഖപ്പെടുത്തുന്നു

## കുഞ്ഞിനെ വളർത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ



കായികശേഷിയും, ശരീര ചലനവും കുട്ടിക്ക് കിട്ടും വിധം വീട്ടിനു പുറത്ത് കുഞ്ഞുമായി കളികളിൽ ഏർപ്പെടുക.

കുഞ്ഞിന്റെ ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കാൻ ഉതകുംവിധം കൈയ്യും വിരലുകളും വിവിധ രീതികളിൽ ഉപയോഗിക്കുന്ന കളികളിൽ ഏർപ്പെടാൻ കുഞ്ഞിനെ അനുവദിക്കുക.



പലതരത്തിലുള്ള വസ്തുക്കൾ (ചതുരങ്ങൾ, റിങ്ങുകൾ, വളയങ്ങൾ) കുഞ്ഞിനു നൽകുക.



**3 വയസ്സ്**

## “അപകട” സൂചനകൾ

**താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്ന് കുഞ്ഞുങ്ങളിൽ കാണുന്നുവെങ്കിൽ ഉടൻ ഡോക്ടറെയോ ആരോഗ്യ പ്രവർത്തകരെയോ അംഗൻവാടി പ്രവർത്തകരെയോ അറിയിക്കുക**



പടികൾ കയറാനും ഇറങ്ങാനും ബുദ്ധിമുട്ട്.



സഹായം ഇല്ലാതെ ഭക്ഷണം
കഴിക്കാൻ കഴിയുന്നില്ല.



അർത്ഥപൂർണ്ണമായി സംസാരിക്കാൻ കഴിയുന്നില്ല.
മിക്കപ്പോഴും കുട്ടി മറ്റുള്ളവരുടെ സംഭാഷണം
ആവർത്തിക്കുന്നു.



കളിക്കുകയോ കളിക്കുന്നതായി
ഭാവിക്കുകയോ ചെയ്യുന്നില്ല.



നിരന്തരം വായ ഒലിക്കുക,
അവ്യക്തമായ സംഭാഷണം.

“അമ്മേ
പാൽ
വേണം”

എന്നിങ്ങനെ മൂന്ന് പദങ്ങളുള്ള
ഒരു വാചകം പറയുന്നില്ല.

**കുട്ടിയുടെ പ്രതിരോധ കുത്തിവയ്പുകൾ പൂർണ്ണമാകുന്നത് 16 – ാം വയസ്സിൽ മാത്രമാണ്.**